<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 146</u> <u>29-01-2024 - ൽ മറുപടിയ്ക്ക്</u>

<u>സൈബർ ഡോം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സൈബർ സുരക്ഷയ്ക്ക് ഭീഷണിയായി വർദ്ധിച്ചുവരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് പോലീസ് വകുപ്പിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദമാക്കാമോ; സൈബർ ഡോം പദ്ധതി എന്താണെന്ന് വിശദമാക്കാമോ? | (എ) | സൈബർ സുരക്ഷയ്ക്ക് ഭീഷണിയായി വർദ്ധിച്ച വരുന്ന വെല്ലുവിളികളെ മുൻകൂട്ടി കാണുന്നതിനും നവീനമായ സാങ്കേതിക വിദ്യയുടെ സഹായത്താൽ അവയെ തരണം ചെയ്യുന്നതിനും സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് 05.01.2024-ലെ സ.ഉ. (കൈ)നം.04/2024/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>സൈബർ ഡിവിഷന്റെ കീഴിൽ സൈബർ വഞ്ചന/ സാമൂഹ്യ മാധ്യമ നിരീക്ഷണ വിഭാഗവും, സൈബർ സുരക്ഷാ വിഭാഗവും പരിശീലനവും കാര്യശേഷി വിഭാഗവും റിസർച്ച് & അനാലിസിസ് വിഭാഗവും പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുണ്ട്.<br><br>സൈബർ തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യുവാനും തടയുവാനുമായി 24*7 മണിക്കൂർ പ്രവർത്തിക്കുന്ന 1930 കോൾ സെന്ററുകളും കേരള സൈബർ ക്രൈം കോ- ഓഡിനേഷൻ സെന്ററും (C4) സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് സൈബർ വഞ്ചന/ സാമൂഹ്യ മാധ്യമ നിരീക്ഷണ വിഭാഗത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്നു.<br><br>കേരള പോലീസിന്റെ കമ്പ്യൂട്ടറുകളും കമ്പ്യൂട്ടർ നെറ്റ്‌വർക്കുകളും സംരക്ഷിക്കുന്ന ചുമതലകൾക്കായി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സൈബർ ഓപ്പറേഷനെ ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറായും(CISO) സൂപ്രണ്ട് ഓഫ് പോലീസ് സൈബർ ഓപ്പറേഷൻസിനെയും സൂപ്രണ്ട് ഓഫ് പോലീസ് ടെക്നിക്കൽ ഇന്റലിജൻ സിനെയും സൂപ്രണ്ട് ഓഫ് പോലീസ് ടെലികമ്മ്യൂണിക്കേഷൻ ആന്റ് ടെക്നോളജിയെയും ഡെപ്യൂട്ടി ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസ ർമാരായും നിയമിച്ചിട്ടുണ്ട്. ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസറിന്റെ നിയന്ത്രണത്തിൽ കമ്പ്യൂട്ടർ എമർജൻസി |

റെസ്പോൺസ് ടീം കേരളയുടെയും (CERT-K) കേരള പോലീസിന്റെ ഡിസ്ട്രിക്ട് കമ്പ്യൂട്ടർ മെയിന്റനൻസ് യൂണിറ്റിന്റെയും (DCMU) പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഇൻസിഡന്റ് റസ്പോൺസ് ടീമായി പ്രവർത്തിക്കുന്ന "സൈബർ സെക്യൂരിറ്റി ഡെസ്ക്" സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (CERT-K) കേരളയുമായി സൈബർ ഓപ്പറേഷൻ ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സൈബർ സെക്യൂരിറ്റി ഡെസ്ക് മുഖാന്തിരം ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർ (CISO) നിരന്തര സമ്പർക്കം പുലർത്തി വരുന്നു.

നിലവിൽ കേരള പോലീസിന്റേത് ഉൾപ്പെടെ എല്ലാ സർക്കാർ വകുപ്പുകളിലെയും വെബ്സൈറ്റുകൾ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയശേഷം സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് ഹോസ്റ്റ് ചെയ്യുന്നത്. ഈ വെബ്സൈറ്റുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ 24x7 പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററിൽ (SOC) സസൂക്ഷ്മം നിരീക്ഷണത്തിലാണ്. അതാത് വകുപ്പുകളുടെ വെബ് സൈറ്റുകളിൽ ഉണ്ടാകുന്ന സൈബർ ആക്രമണങ്ങളെ തത്സമയം നിരീക്ഷിച്ച് സംശയാസ്പദമായ പ്രവർത്തികൾ അതാത് ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരെ (CISO) CERT-K –യെ അറിയിക്കുകയും തുടർന്ന് അതാത് CISO-മാർ അവ പ്രതിരോധിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. നിലവിലെ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ നവീകരിക്കുന്ന മുറക്കും വർഷാ വർഷവും പീരിയോഡിക് സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നുണ്ട്. ഇത് കൂടാതെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം ഇന്ത്യ(CERT-IN), നാഷണൽ സൈബർ കോ- ഓഡിനേഷൻ സെന്റർ (NCCC), നാഷണൽ ക്രിട്ടിക്കൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പ്രൊട്ടക്ഷൻ സെന്റർ(NCIIPC) എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന വൾനറബിലിറ്റി അസസ്മെന്റ് റിപ്പോർട്ട് പരിശോധിച്ച് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരളയുമായി (CERT-K) കൂടിയാലോചിച്ച് സൈബർ സെക്യൂരിറ്റി സംബന്ധമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. കേരള പോലീസിന്റെ നെറ്റ് വർക്കും കമ്പ്യൂട്ടറുകളും സമ്പൂർണ്ണ സംരക്ഷണ വലയത്തിൽ കൊണ്ടുവരുന്നതിലേക്കായി വകുപ്പ് തലത്തിൽ ഒരു ഉപസെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ (Sub SOC) രൂപകൽപ്പന ചെയ്യുന്ന നടപടികൾ സെൻട്രൽ ഫോർ ഡെവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സുമായി (C.DOT) സഹകരിച്ച് ദ്രുതഗതിയിൽ നടന്നു വരുന്നു. പോലീസ്

സേനയെ സൈബർ അറ്റാക്കുകൾ നേരിടാൻ സുസജ്ജമാക്കുന്നതിന്റെ ഭാഗമായി ഒരു വിദഗ്ദ്ധ സേനയെ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുവാൻ വേണ്ടി BSNL, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (CUSAT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി (IIT), നാഷണൽ ഫോറൻസിക് സയൻസ് യൂണിവേഴ്സിറ്റി (NFSU) എന്നീ ഏജൻസികളുമായി ചേർന്ന് സമഗ്രമായ പരിശീലന പരിപാടികൾ നടന്നു വരുന്നു.

സൈബർ ഡിവിഷന്റെ നേതൃത്വത്തിൽ പോലീസ് സേനയിലെ 25 പോലീസ് ഉദ്യോഗസ്ഥർക്ക് ഡാർക്ക് വെബ് മേഖലയിലും, 75 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി മേഖലയിലും, 50 പോലീസ് ഉദ്യോഗസ്ഥർക്ക് ക്രിപ്റ്റോ കറൻസിയിലും പ്രമുഖ ഏജൻസികൾ മുഖാന്തിരം അത്യാധുനിക പരിശീലനം നൽകിയിട്ടുള്ളതും, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം സംസ്ഥാന പോലീസിൽ നിന്നും 20 സബ് ഇൻസ്പെക്ടർമാരെ സൈബർ കമാൻഡോ ട്രെയിനിങ്ങിനായി തിരഞ്ഞെടുത്തിട്ടുള്ളതുമാണ്. ഇത് കൂടാതെ സംസ്ഥാന പോലീസ് സേനയിലെ 360 ഓഫീസർമാർ ഉൾപ്പെടെ 860 പോലീസ് ഉദ്യോഗസ്ഥർ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുവാനും തടയുവാനും വേണ്ടിയുള്ള അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

ആധുനിക സൈബർ ലോകത്തിലെ വെല്ലുവിളികളായ ക്രിപ്റ്റോ കറൻസി, ഡാർക്ക് വെബ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മാൽവെയർ അറ്റാക്ക്, സൈബർ ഫിനാൻഷ്യൽ ഫ്രോഡ് തുടങ്ങിയ മേഖലകളിൽ അത്യാധുനിക രീതിയിൽ ഗവേഷണവും പഠനവും നടത്തുവാനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് സൈബർ ഡോമുകൾ റിസർച്ച് & അനാലിസിസ് വിഭാഗത്തിൽ പ്രവർത്തിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് സൈബർ ഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസിലാക്കി അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ, സൈബർ സുരക്ഷക്കുവേണ്ടി പ്രവർത്തിക്കുന്ന ഇന്റർ നാഷണൽ ഓർഗനൈസേഷൻസ്, വിവിധ രാജ്യങ്ങളിലെ

| | | | |
|---|---|---|---|
| | | | സൈബർ സെക്യൂരിറ്റി ഏജൻസികൾ, രാജ്യത്തെ വിവിധ ലോ എൻഫോഴ്സ്മെന്റ് ഏജൻസികൾ, എത്തിക്കൽ ഹാക്കർമാർ, രാജ്യത്തെ പ്രമുഖ ഐടി കമ്പനികൾ എന്നിവരെ ഒരു പ്ലാറ്റ് ഫോമിൽ കൊണ്ടുവന്ന് സൈബർ സുരക്ഷാ ഭീഷണികളെ തടയുന്നതിൽ സംസ്ഥാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഡിജിറ്റൽ അസറ്റുകളുടെ സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായിട്ടുള്ള വിവര സാങ്കേതിക വിദ്യാ ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്ന ഏജൻസി ആണ് സൈബർ ഡോം. |

സെക്ഷൻ ഓഫീസർ